# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 15

# വാർത്താക്കുറിപ്പ്

## കോട്ടയം സാക്ഷരതാ യജ്ഞത്തിന് മുപ്പത് വയസ്; ആഘോഷത്തിനൊരുങ്ങി എം.ജി. സർവകലാശാല

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ കോട്ടയം മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ കോട്ടയം നഗരത്തിൽ നടത്തിയ സമ്പൂർണ സാക്ഷരതാ യജ്ഞത്തിന് ജൂൺ 25ന് മുപ്പത് വയസ്. 1989 ജൂൺ 25ന് അന്നത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി എൻ.പി. സാഹിയാണ് കോട്ടയത്തെ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സാക്ഷരനഗരമായി പ്രഖ്യാപിച്ചത്. ഡോ. യു.ആർ. അനന്തമൂർത്തിയായിരുന്ന സർവകലാശാല വൈസ് ചാൻസലർ. നൂറ് ദിവസംകൊണ്ട് ഒരു നഗരത്തെ സമ്പൂർണ സാക്ഷരതയിലെത്തിക്കുക എന്ന മാന്ത്രിക കർമത്തിന്റെ ചുക്കാൻ പിടിച്ചത് അന്നത്തെ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററായിരുന്ന ഡോ. സി. തോമസ് എബ്രഹാം ആയിരുന്നു എന്നത് ചരിത്രം.

അറുനൂറിൽപരം എൻ.എസ്.എസ്. വോളണ്ടിയർമാരും മുപ്പത്തിരണ്ട് നഗരസഭാ കൗൺസിലർമാരുമാണ് ഈ മഹത്തായ യജ്ഞം വിജയത്തിലെത്തിച്ച് കോട്ടയത്തിന് സമ്പൂർണ സാക്ഷരതാ പദവി നേടിക്കൊടുത്തത്. സമ്പൂർണ സാക്ഷരത പ്രഖ്യാപനത്തിനുശേഷം സർവകലാശാലയിൽ നിന്നും പോകുന്ന കത്തുകളുടെ കവറിൽ 'Each one teach one, make national literacy mission a success' എന്ന ഒരു മുദ്രയുണ്ട്.

സാക്ഷരതാ യജ്ഞത്തിന്റെ മുപ്പതാം വർഷം വിപുലമായി ആഘോഷിക്കാനൊരുങ്ങുകയാണ് എം.ജി. സർവകലാശാല. മുഖ്യമന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് 'സാക്ഷരതാ യജ്ഞത്തിന്റെ മൂന്നു പതിറ്റാണ്ടുകൾ' ആഘോഷിക്കാൻ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന ആലോചനായോഗം തീരുമാനിച്ചു. സർവകലാശാല രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, കോട്ടയം സാക്ഷരതാ യജ്ഞത്തിന് നേതൃത്വം നൽകിയ മുൻ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സി.തോമസ് എബ്രഹാം എന്നിവർ പങ്കെടുത്തു. സംഘാടക സമിതിയിലേക്ക് സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, കോട്ടയം നഗരത്തിലെയും സമീപത്തുമുള്ള സീനിയർ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ, സർവകലാശാല പി.ആർ.ഒ. എന്നിവരെ വൈസ് ചാൻസലർ നോമിനേറ്റ് ചെയ്തു. കോട്ടയം നഗരസഭാധ്യക്ഷ പി.ആർ. സോന പ്രത്യേക ക്ഷണിതാവായിരിക്കും.

ആഘോഷത്തോടനുബന്ധിച്ച് അന്നത്തെ മുനിസിപ്പൽ കൗൺസിലർമാരെയും സന്നദ്ധ പ്രവർത്തകരെയും പരിപാടിയിലേക്ക് ക്ഷണിക്കും. രാജ്യത്തിന് മാതൃകയായ സാക്ഷരതാ യജ്ഞത്തിന്റെ കേസ് സ്റ്റഡി പ്രകാശനം ചെയ്യും. കോട്ടയം സാക്ഷരതാ യജ്ഞത്തിന് 1990ൽ എം.ജി. സർവകലാശാല എൻ.എസ്.എസിന് പ്രഥമ ഇന്ദിരാഗാന്ധി ദേശീയ പുരസ്കാരം ലഭിച്ചിരുന്നു.

(പി.ആർ.ഒ./39/1098/2019)

## ബി.എഡ്. പ്രവേശനം; ജൂൺ 20 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ ഈ വർഷത്തെ ബി.എഡ്. പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് ജൂൺ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1099/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്‌സി. മൈക്രോബയോളജി (സി.ബി.സി.എസ്. റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 18 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1100/2019)

നാലാം സെമസ്റ്റർ ബി.എസ്‌സി. ബയോടെക്‌നോളജി കോംപ്ലിമെന്ററി മൈക്രോബയോളജി (സി.ബി.സി.എസ്. റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 20 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1101/2019)

അഞ്ചാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (2013, 2014, 2015, 2016 അഡ്മിഷൻ) സി.ബി.സി.എസ്.എസ്. യു.ജി. മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 19ന് കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1102/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്‌സ് (റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) മെയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂൺ 20 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റുമായി എത്തണം. എടത്തല അൽ-അമീൻ കോളേജിലെ വിദ്യാർഥികൾ പെരുമ്പാവൂർ മാർത്തോമാ കോളേജിലും ഐരാപുരം സി.ഇ.ടി. കോളേജിലെ വിദ്യാർഥികൾ കോലഞ്ചേരി സെന്റ് പീറ്റേഴ്‌സ് കോളേജിലും തൊടുപുഴ അൽ-അസ്ഹർ കോളേജിലെ വിദ്യാർഥികൾ തൊടുപുഴ ന്യൂമാൻ കോളേജിലും പ്രോജക്ട് വൈവയ്ക്ക് എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1103/2019)

## അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

കോട്ടയം ഗാന്ധിനഗർ എസ്.എം.ഇ.യിൽ നടന്ന ആറാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി നവംബർ 2018 പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ഫെബ ജിജി, എസ്. പ്രിയങ്ക, പി.വി. ചഞ്ജന മോഹനൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ./39/1104/2019)

## പരീക്ഷഫലം

2019 ജനവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1105/2019)

2018 നവംബറിൽ നടന്ന അവസാന വർഷ ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്‌നോളജി (എം.എൽ.ടി. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1106/2019)

2018 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. റഗുലർ (2017 അഡ്മിഷൻ - ഡിപ്പാർട്ട്‌മെന്റ്, അഫിലിയേറ്റഡ് കോളേജുകൾ), സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകൾ, ഡിപ്പാർട്ട്‌മെന്റ് - 2009 അഡ്മിഷൻ മുതൽ), സപ്ലിമെന്ററി (2016 അഡ്മിഷൻ ഡിപ്പാർട്ട്‌മെന്റ് മാത്രം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 29 വരെ അപേക്ഷിക്കാം. 2016 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ടതില്ല.

(പി.ആർ.ഒ./39/1107/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ